**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 982** **11-02-2025 - ൽ മറുപടിയ്ക്ക്**

**വനാതിർത്തികളിലെ വന്യജീവി ആക്രമണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനാതിർത്തികളിൽ വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ച് വരുന്നതും തന്മൂലം നിരവധി മനുഷ്യർക്ക് ജീവാപായം ഉണ്ടാകുന്ന എന്നുമുള്ള ഗുരുതര സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | കഴിഞ്ഞ 10 വർഷത്തെ മനുഷ്യ-വന്യമൃഗ സംഘർഷങ്ങളുടെ കണക്ക് പരിശോധിച്ചാൽ മരണനിരക്ക് കുറഞ്ഞുവരുന്നതായി കാണാവുന്നതാണ്. അതിൽ, മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുണ്ടായ മരണങ്ങളിൽ ഏറ്റവും കൂടുതലായിട്ടുള്ളത് വനത്തിനു പുറത്തു വച്ച് പാമ്പുകടിയേറ്റുള്ള മരണങ്ങളാണ് (ഏകദേശം 70 ശതമാനം). വനത്തിന് പുറത്ത് പാമ്പ്, തേനീച്ച, കടന്നൽ എന്നിവ മൂലമുള്ള അപകടങ്ങളൊക്കെ വന്യമൃഗ സംഘർഷം എന്ന ഗണത്തിൽ ഉൾപ്പെടുത്തുന്നതിനാലാണ് മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുള്ള മരണനിരക്ക് ഇത്ര കൂടുതലായി ചിത്രീകരിക്കപ്പെടുന്നത്. പാമ്പുകടിയേറ്റുള്ള മരണ-ങ്ങളിൽ ഭൂരിഭാഗവും, ജനവാസമേഖലയിൽ വച്ചുണ്ടാ-യിട്ടുള്ളതാണ്. എന്നാൽ കാട്ടാനയും (20%) കടുവയും (0.98%) കാരണമുണ്ടായ അപകടങ്ങൾ ഏറിയപങ്കും വനത്തിനുള്ളിൽ വച്ചുണ്ടായവയാണ്. |
| (ബി) | മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് ഒരു പരിധിവരെ കാരണമാകുന്ന വനങ്ങളിലെ അധിനിവേശ സസ്യങ്ങളും, ദോഷകരമായ വൃക്ഷങ്ങളും ഒഴിവാക്കുന്നതിന് ഈ സർക്കാർ വന്നശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; വിശദമാക്കുമോ; | (ബി) | സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച് സർക്കാർ ഉത്തരവ് (കൈ) നം. 29/2021/വനം തീയതി 17/12/2021 പ്രകാരം നയരേഖ അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പരിസ്ഥിതിക്കും ആവാസ-വ്യവസ്ഥയ്ക്കും ദോഷകരമായതും കാലികപ്രാധാന്യം നഷ്ടപ്പെട്ടതുമായ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കി-ലിഫോർമിസ്, അക്കേഷ്യ-മാഞ്ചിയം തുടങ്ങിയ വിദേശയിനം ഏകവിള തോട്ടങ്ങളും, പരാജിത തേക്ക് തോട്ടങ്ങളും, സെന്ന, വാറ്റിൽ പോലുള്ള അധിനിവേശ സസ്യങ്ങളും ഘട്ടംഘട്ടമായി നീക്കം ചെയ്ത് തദ്ദേശീയ ഇനത്തിൽപ്പെട്ട മരങ്ങളും ഫലവൃക്ഷങ്ങളും നട്ടു പിടിപ്പി-ക്കുകയും അതുവഴി വനങ്ങളുടെ സ്വാഭാവികത പുനഃസ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി 1583.85 ഹെക്ടർ പ്രദേശത്ത് പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും 5031 ഹെക്ടർ പ്രദേശത്ത് പരിസ്ഥിതി പുനഃസ്ഥാപന |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ ചെയ്തുവരുന്നതുമാണ്. വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുടെ പ്രവർത്തികൾ വിവിധ ലാൻഡ് സ്കേപ്പുകളിൽ പുരോഗമിച്ചു വരുന്നു.<br><br>ജൈവ വൈവിധ്യത്തിന് ഭീഷണിയായി മാറിയിട്ടുള്ള അധിനിവേശ സസ്യങ്ങളായ സെന്ന ഉൾപ്പെടെയുള്ളവ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനത്തിനുള്ളിൽ ഭക്ഷണ ലഭ്യത ഉറപ്പ് വരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്ത് ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനത് വൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ആയതിൻ പ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. |
| (സി) | വന്യജീവി ആക്രമണങ്ങളിൽ നിന്നും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും വന്യജീവികളെ സംരക്ഷിക്കാനുമായുള്ള മാസ്റ്റർപ്ലാൻ നടപ്പിലാക്കൽ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് ആകെ 273 പഞ്ചായത്തുകൾ മനുഷ്യ-വന്യമൃഗ സംഘർഷ ബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായി അനുഭവപ്പെടുന്നവയാണ്. മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻസ്കേപ്പുകളെ ഹോട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കി വരികയുമാണ്. കൂടാതെ ലാൻഡ്സ്കേപ്പ് തല പ്ലാനുകൾ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗ-സംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 21/10/2024-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഓരോ വർഷവും എത്ര വന്യജീവി ആക്രമണങ്ങൾ രജിസ്റ്റർ ചെയ്തു; എത്ര പേർ ആക്രമണത്തിന് ഇരയായി; എത്ര പേർക്ക് ജീവഹാനി സംഭവിച്ചു; എത്ര ഹെക്ടർ കൃഷി നശിപ്പിച്ചു; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട മരണപ്പെട്ടവരുടേയും പരിക്കേറ്റവരുടേയും ജില്ല തിരിച്ചുള്ള വിവരം പട്ടികകളായി അനുബന്ധമായി ചേർക്കുന്നു. ഭൂരിഭാഗം വിളകൾക്കും നഷ്ടപരിഹാരം അനുവദിക്കുന്നത് നശിപ്പിക്കപ്പെട്ട വിളകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആയതിനാൽ കൃഷിഭൂമിയുടെ കൃത്യമായ വിസ്തൃതി ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പട്ടിക 1:**

**കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള മനുഷ്യ-വന്യമൃഗ സംഘർഷങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം.**

| ജില്ല | ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള മനുഷ്യ-വന്യമൃഗ സംഘർഷങ്ങളുടെ എണ്ണം | | | | |
|---|---|---|---|---|---|
| | **2020** | **2021** | **2022** | **2023** | **2024** |
| തിരുവനന്തപുരം | 269 | 271 | 313 | 262 | 75 |
| കൊല്ലം | 367 | 372 | 509 | 391 | 378 |
| പത്തനംതിട്ട | 217 | 185 | 126 | 177 | 224 |
| ആലപ്പുഴ | 172 | 16 | 21 | 35 | 40 |
| കോട്ടയം | 81 | 56 | 47 | 27 | 73 |
| ഇടുക്കി | 337 | 493 | 397 | 406 | 366 |
| എറണാകുളം | 564 | 641 | 670 | 696 | 678 |
| തൃശ്ശൂർ | 221 | 243 | 186 | 423 | 309 |
| പാലക്കാട് | 414 | 581 | 705 | 499 | 431 |
| മലപ്പുറം | 494 | 480 | 457 | 398 | 481 |
| കോഴിക്കോട് | 277 | 549 | 423 | 409 | 315 |
| വയനാട് | 2793 | 2561 | 2650 | 1636 | 1761 |
| കണ്ണൂർ | 794 | 728 | 477 | 424 | 556 |
| കാസർഗോഡ് | 77 | 110 | 132 | 118 | 62 |

**<u>പട്ടിക 2:</u>**

**കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ഓരോ വർഷവും മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ മരണപ്പെട്ടിട്ടുള്ളവരുടേയും പരിക്കേറ്റവരുടേയും ജില്ല തിരിച്ചുള്ള എണ്ണം.**

| **ജില്ല** | **ഓരോ വർഷവും മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ മരണപ്പെട്ടവരുടേയും പരിക്കേറ്റവരുടേയും എണ്ണം** | | | | |
|---|---|---|---|---|---|
| | **2020** | **2021** | **2022** | **2023** | **2024** |
| തിരുവനന്തപുരം | 61 | 47 | 101 | 87 | 114 |
| കൊല്ലം | 41 | 64 | 31 | 55 | 92 |
| പത്തനംതിട്ട | 172 | 16 | 21 | 35 | 40 |
| ആലപ്പുഴ | 78 | 49 | 42 | 27 | 57 |
| കോട്ടയം | 34 | 49 | 57 | 81 | 93 |
| ഇടുക്കി | 76 | 67 | 81 | 92 | 94 |
| എറണാകുളം | 98 | 122 | 106 | 150 | 85 |
| തൃശ്ശൂർ | 142 | 175 | 157 | 152 | 126 |
| പാലക്കാട് | 63 | 80 | 115 | 112 | 154 |
| മലപ്പുറം | 15 | 16 | 14 | 35 | 18 |
| കോഴിക്കോട് | 27 | 48 | 40 | 26 | 38 |
| വയനാട് | 13 | 18 | 38 | 18 | 11 |
| കണ്ണൂർ | 70 | 104 | 127 | 109 | 56 |
| കാസർഗോഡ് | 44 | 63 | 125 | 79 | 29 |
| **ആകെ** | **934** | **918** | **1055** | **1058** | **1007** |

**പട്ടിക 3:**

**കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ഓരോ വർഷവും മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ മരണപ്പെട്ടിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള എണ്ണം.**

| **ജില്ല** | **ഓരോ വർഷവും മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ മരണപ്പെട്ടിട്ടുള്ളവരുടെ എണ്ണം** | | | | |
|---|---|---|---|---|---|
| | **2020** | **2021** | **2022** | **2023** | **2024** |
| തിരുവനന്തപുരം | 5 | 12 | 5 | 4 | 4 |
| കൊല്ലം | 6 | 8 | 4 | 7 | 9 |
| പത്തനംതിട്ട | 2 | 3 | 1 | 5 | 8 |
| ആലപ്പുഴ | 3 | 6 | 4 | 4 | 5 |
| കോട്ടയം | 1 | 2 | 3 | 6 | 3 |
| ഇടുക്കി | 7 | 8 | 6 | 5 | 8 |
| എറണാകുളം | 0 | 2 | 1 | 5 | 10 |
| തൃശ്ശൂർ | 9 | 18 | 11 | 13 | 5 |
| പാലക്കാട് | 15 | 28 | 36 | 17 | 5 |
| മലപ്പുറം | 9 | 8 | 9 | 8 | 11 |
| കോഴിക്കോട് | 5 | 2 | 8 | 4 | 5 |
| വയനാട് | 5 | 3 | 4 | 10 | 4 |
| കണ്ണൂർ | 3 | 1 | 4 | 3 | 0 |
| കാസർഗോഡ് | 4 | 3 | 4 | 9 | 5 |
| **ആകെ** | **74** | **104** | **100** | **100** | **82** |